## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1783 — 16.06.2014-ൽ മറുപടിക്ക്

**അമ്പലപ്പുഴ-വളഞ്ഞവഴി ഫിഷ് ലാന്റിംഗ് സെന്റർ**

ചോദ്യം — ഉത്തരം

| | ശ്രീ.ജി.സുധാകരൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | അമ്പലപ്പുഴ-വളഞ്ഞവഴി കടപ്പുറത്ത് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | അമ്പലപ്പുഴ-വളഞ്ഞവഴി കടപ്പുറത്ത് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | സുനാമി ഫണ്ടിൽ ഉൾപ്പെടുത്തി ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വളഞ്ഞവഴി കടപ്പുറത്ത് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിന് സുനാമി ഫണ്ടിൽ ഉൾപ്പെടുത്തി ലേല ഹാൾ നിർമ്മിക്കുന്നതിനായി 25 ലക്ഷം രൂപ അനുവദിക്കുകയും പ്രവൃത്തി നടപ്പാക്കുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിക്കുകയും പല പ്രാവശ്യം ടെണ്ടർ ക്ഷണിക്കുകയും ചെയ്തെങ്കിലും ആരും പങ്കെടുക്കുകയുണ്ടായില്ല. സുനാമി പദ്ധതികൾ അവസാനിച്ചതിനാൽ ഈ പദ്ധതി ഉപേക്ഷിച്ചിരുന്നു. |
| (സി) | മത്സ്യമാർക്കറ്റായ വളഞ്ഞവഴി കടപ്പുറം കേന്ദ്രീകരിച്ച് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | വളഞ്ഞവഴി കടൽതീരത്ത് ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരുന്ന ഭാഗത്ത് മുൻപ് കടൽഭിത്തി നിലവിൽ ഇല്ലായിരുന്നു. എന്നാൽ തുടർച്ചയായുണ്ടാകുന്ന കടലാക്രമണത്തിൽ നാശനഷ്ടങ്ങൾ ഉണ്ടാകുന്നതിനാൽ ഈ ഭാഗത്ത് ജലസേചന വകുപ്പ് കടൽഭിത്തി നിർമ്മിച്ച് കടൽതീരവും, ലേലം നടക്കുന്ന സ്ഥലവും വേർതിരിച്ചതിനാൽ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ